# വയലാർ രാമവർമ മെമ്മോറിയൽ ഗവൺമെന്റ്
# ഹയർസെക്കന്ററി സ്കൂൾ


വയലാർ-2019







ഡിജിറ്റൽ മാസിക

വി ആർ വി എം ജി എച്ച് എസ്


ഒരു ലിറ്റിൽ കൈറ്റ്സ്
സംരംഭം

സുന്ദരം, കൗമാരഭാവനച്ചിറകേറി
സന്തതം മിന്നട്ടെ   'ഇന്ദുഗോപം'
സുന്ദരം, നവശാസ്ത്രചിത്രലിപിവഴികോറു-
മിന്ദ്രചാപച്ചന്തം   'ഇന്ദുഗോപം'






ഹെഡ് മാസ്റ്റർ
വി ആർ വി എം ജി എച്ച് എസ്
വയലാർ

## എഡിറ്റോറിയൽ



രക്തസാക്ഷികളുടെയും ധീരദേശാഭിമാനികളുടേയും മണ്ണ്. മണ്ണിന്റെ മക്കളായ കർഷകതൊഴിലാളികളുടെയും മത്സ്യതൊഴിലാളികളുടെയും മണ്ണ്. കവി ശ്രീ.വയലാർ രാമവർമ്മയുടെനാമധേയത്താൽ അനശ്വരമായ ഈ വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ ആദ്യ ഡിജിറ്റൽ മാഗസിൻനിങ്ങളുടെ മുമ്പിൽ സന്തോഷത്തോടെ സമർപ്പിക്കട്ടേ.ഈമാഗസിന്റെ നിർമ്മാണത്തിൽ പങ്കാളികളായ എല്ലാ ലിറ്റിൽകൈറ്റ്സ് അംഗങ്ങൾക്കും ഞങ്ങൾക്ക് വേണ്ടുന്ന സഹായങ്ങൾചെയ്ത് തന്ന അധ്യാപകർക്കും നന്ദി

റിൻസാന നെജീം

എഡിറ്റർ

## ഉള്ളടക്കം



| ക്രമ നമ്പർ | തലക്കെട്ട് | കുട്ടിയുടെ പേര് | പേജ് നമ്പർ |
|---|---|---|---|
| 1 | വയലാറിന്റെ ഗാനം | അഫ്സൽ | 1 |
| 2 | വയലാറിന്റെ ഗാനചിത്രീകരണം | അഫ്സൽ | 2 |
| 3 | വയലാറിന്റെ ഗാനചിത്രീകരണം | | 3 |
| 4 | വയലാറിന്റെ ഗാനചിത്രീകരണം | | 4 |
| 5 | വയലാറിന്റെ ഗാനചിത്രീകരണം | | 5 |
| 6 | ഓണപാട്ട് | അക്ഷയ് കുമാർ | 6 |
| 7 | നിലാവിന്റെ സമ്മാനം | ബിസ്മിന | 7 |
| 8 | കല്ലായിരുന്ന ഞാൻ | റിൻസാന നെജിം | 8 |
| 9 | നവകേരളസൃഷ്ടിക്കായ് നമ്മുക്കൊത്തു ചേരാം | നെജില | 9 |
| 10 | നവകേരളസൃഷ്ടിക്കായ് നമ്മുക്കൊത്തു ചേരാം | നെജില | 10 |
| 11 | പ്രളയം | ലക്ഷ്മി കെ കെ | 11 |
| 12 | അമ്മുക്കിളിയുടെ ഓർമ്മയ്ക്കായ് | റിൻസാന നെജിം | 12,13 |
| 13 | പ്രകൃതിയുടെ ജീവൻ | ശ്രീലക്ഷ്മി | 14 |
| 14 | പ്രകൃതിയാവാൻ മോഹം | ജയനിധി പി ജെ | 15 |
| 15 | ചിത്രങ്ങൾ | എബിൻ എബ്രഹാം<br>അക്ഷയ് കുമാർ | 16 |
| 16 | ചിത്രങ്ങൾ | രോഹിത്ത് കെ ആർ<br>മുഹമ്മദ് നസീബ് ഖാൻ | 17 |
| 17 | ചിത്രങ്ങൾ | എബിൻ എബ്രഹാം<br>സിദ്ധാന്ത് കേശവ് | 18 |



അഫ്സൽ വി എസ്

"സ്നേഹിക്കയില്ല ഞാൻ നോവുമാത്മാവിനെ
സ്നേഹിച്ചിടാത്തൊരു തത്ത്വശാസ്ത്രത്തെയും"

ഈ ഈരടികളാൽ മുഖരിതമായ വയലാർ ഗ്രാമം . ജീവിച്ച് തീരും മുമ്പേ പൊലിഞ്ഞു പോയ ജന്മമെങ്കിലും കവിതയുടെ പൊലിമകൊണ്ട് ഈ ഹൃദയങ്ങളിൽ ഇന്നും ജീവികുന്ന കവി . ആരോപണൾ ലാഘവത്തോടെ നേരിട്ട കവി .മനുഷ്യനിലും അവൻെറ പ്രയത്നത്തിലും അവൻെറ ഭാവിയിലും ശുഭ പ്രതീക്ഷ പുലർത്തിയ കവി ഈ മനോഹരതീരത്തുതരുമോ ഇനിയൊരു ജന്മം കൂടി



2

# അനശ്വര കവി

# ശ്രീ വയലാർ രാമവർമ്മയുടെ സിനിമാ ഗാനങ്ങളു-
# ടെയും കവിതകളുടെയും ചിത്രീകരണം



വി ആർ വിഎം ജി എച്ച് എസ്

























# ഓണപ്പാട്ട്



*ഉത്രാടപൂനിലാവെ വാ...............*

*മുറ്റത്തെ പൂക്കളത്തിൽ*

*വാടിയ പൂവനിയിൽ*

*ഇത്തിരി പാൽ ചുരത്താൻ*

*വാ...... വാ...... വാ......*

*കൊണ്ടൽ വഞ്ചി മിഥുനക്കാറ്റിൽ*

*കൊണ്ട് വന്ന മുത്താരങ്ങൾ*

*മണിചിങ്ങം മാലചാർത്തിഅണിഞ്ഞുവല്ലോ.......*

*(ഉത്രാടപൂനിലാവെ)*

*പുലരുന്ന പൊന്നോണത്തിൻ*

*പുകഴ്ത്തുന്ന പൂവനങ്ങൾ*

*പുതയ്ക്കും പൊന്നുടയായി നീ വാ..........*

*വാ........... വാ...........* *(ഉത്രാടം)*

സമ്പാദകൻ: അക്ഷയ് കുമാർ

# നിലാവിൻെറ സമ്മാനം



എന്നുടെമുറ്റത്തെ വാതിൽ പടിക്കൽ മേൽ
ചെപ്പ് തുറന്നൊരു മുല്ലമൊട്ട്
പാതിര രാവായാൽ ചെപ്പിൽവിടരുമീ
താമര പോലാണി മുല്ലമൊട്ട്

കനകം ചാർത്തുന്നിലകൾ
പാതിര രാവിൽ ശോഭിക്കും പൊന്നിലകൾ
നിലാവിൻെറ പുഞ്ചിരി പൂക്കും നേരത്ത്

തളിരണിയും നിൻ ചെറു നാമ്പുകൾക്കിടയിലൊളിക്കാൻ
ഒരുമോഹമായ് ഞാനും.........

ബിസ്മിന .

# കല്ലായിരുന്നു ഞാൻ



**ഒരു** കല്ലായിരുന്നു ഞാൻ
വെയിലേറ്റ് മഞ്ഞേറ്റ് മഴയേറ്റ്
പ്രകൃതിതൻ കാന്തി രുചിച്ചിരുന്നു

ഒരു നാളിൽ കൊത്തിയൊരുക്കി
ദേവപരിവേഷം കിട്ടിഞൊടിയിടയിൽ

കുങ്കുമം കളഭം പാലും നെയ്യും
നൽകിയെന്നെ പരിചരിച്ചു
നോക്കിയുടൻ ഞാൻ പുറത്തേക്ക്
കണ്ടു ഞാൻ വെട്ടും കുത്തും
എൻ കാരണത്താൽ കുലം മുടിച്ചിരുന്നു

കൊതിയെന്നുള്ളിൽ ബാക്കി നിൽക്കുന്നു
വെയിലേറ്റ് മഴയേറ്റ് മയങ്ങിടുവാൻ

റിൻസാന നെജീം




# നവ കേരള സൃഷ്ടിക്കായ് നമുക്ക് ഒന്ന ചേരാം



നെജില

ദൈവത്തിന്റെസ്വന്തം നാട് എന്ന് നമ്മൾ അഭിപ്രയപ്പെടുന്ന കേരളം ഇക്കഴിഞ്ഞ നാളുകളിൽ വളരെ തീഷ്ണമായ മുഹൂർത്തങ്ങളിലൂടെയണ് കടന്നുപോയത്. കേരള ജനത കണ്ടതിൽവെച്ച് ഏറ്റവും വലിയ പേമാരി ആയിരുന്നു അത് .പേമാരിയായി വന്ന് കേരളത്തിന്റ അടിത്തറ തന്നെ ഇളക്കികൊണ്ടാണ് അത് അറബിക്കടലിൽ പതിച്ചത് . അതിൽ ഒരുപാട് സ്വപ്നങ്ങളും കുരുന്നു ജീവനുകളും ആശ്രയങ്ങളുമെല്ലാം നഷ്ടപ്പെട്ടു. ജീവിതത്തിന് ഒരു അർഥവുമില്ല എത്രയെത്ര ജീവനുകൾ ബാക്കിയുണ്ട്. ഇക്കഴിഞ്ഞ നാളുകളിൽ ഒരു ജീവിതത്തിൽ അനുഭവിക്കേണ്ട ദുരിതങ്ങൾ ഭൂരിഭാഗവും കേരള ജനത അനുഭവിച്ചു കഴിഞ്ഞു.ജീവിത സമ്പാദ്യങ്ങളും കുരുന്നു ജീവനുകളും സ്വപ്നങ്ങളും കൺമുൻപിലൂടെ ഒഴുകിപോകുന്നത് നിറഞ്ഞകണ്ണുകളോടെ നോക്കി നിൽക്കാനെ അവർക്ക് കഴിഞ്ഞിരുന്നുള്ളൂ. കേരള ജനതയുടെ ഒന്നിച്ചുള്ള പ്രവർത്തനങ്ങളാണ് നമ്മുടെ കേരളത്തെ തളർത്താതെ പിടിച്ചു നിർത്താൻ സാധിച്ചത്.

***പ്രളയാനന്തര കേരളത്തിന്റെ സ്ഥിതി വളരെ പരിതാപകരമാണ്. ഇനി ഒന്നിൽ നിന്ന് വേണം നമുക്ക്***

പട്ടുത്തുയറ്ത്താൻ. ഒരായുസ്സുകൊണ്ട് നമ്മൾ സമ്പാദിച്ചതെല്ലാം നഷ്ടമായി കഴിഞ്ഞു. വികസനത്തിന്റെ പാതയിൽ സഞ്ചരിച്ച കേരളത്തിന് വളരെ വലിയ ആഘാതമായിരുന്ന പ്രളയം. മാറിമറിഞ്ഞ ജീവിതരീതികളും ആധുനിക ജീവിതസാഹചര്യങ്ങളുമാണ് ഈ പ്രളയത്തിന് വഴിയൊരുക്കിയത്ത് എന്നതാണ് പല പഠനങ്ങളും വ്യക്തമാക്കുന്നത്. മാലിന്യങ്ങൾ എല്ലാം നീക്കം ചെയ്ത് ഒന്നിൽ നിന്നും പട്ടുത്തുയർത്തുന്നതിനുംവേണ്ടിയായിരക്കണം ഈ പ്രളയം നമ്മുടെ അരികിലേക്കെത്തിയത്. ആ ദൗത്യം നമ്മളുടെ പ്രകൃതി സൗഹാർദത്തോടുകൂടി നടപ്പാക്കണം

മഴവെള്ളം

ഒലിച്ചിറങ്ങാനുള്ള വയലുകളും ജലാശയങ്ങളും നിരത്തി വലിയ ഫ്ലാറ്റുകളും വീടുകളും പണിയുന്നത് നിർത്തുക.മല മുകളിലും പർവ്വതപ്രദേശങ്ങളിലും ആഴത്തിലുള്ള ഫൗണ്ടേഷനുകൾ നിർമിക്കാതിരിക്കുക. ഭൂകമ്പങ്ങളേയും പ്രളയത്തെയും പോലുള്ള പ്രകൃതി ദുരന്തങ്ങളെ അതിജീവിക്കാൻ കഴിയുന്ന തരത്തിലുള്ള വീടുകളും കെട്ടിടങ്ങളും നിർമ്മിക്കുക.അടിത്തറകൾ പൊക്കികെട്ടുക. എളുപ്പത്തിൽ വെള്ളം കയറാൻ സാധിക്കാത്ത നല്ലത് പോലെ ടാറിങ് ചെയ്ത റോഡുകൾ നിർമ്മിക്കുക.മാലിന്യങ്ങൾ തെരുവോരങ്ങളിൽ വലിച്ചെറിയരുത്.കുട്ടനാട്ടിലും മലയോര പ്രദേശങ്ങളിൽ നടത്തിയിരുന്ന കൃഷികൾ പൂർണമായി തകർന്നു കഴിഞ്ഞു. കുട്ടനാട്ടിലെ പല പ്രദേശങ്ങളിൽ  നിന്നും ഇന്നും വെള്ളം തോർന്നിറങ്ങിയിട്ടില്ല. "കണ്ണീരുപ്പു കലരാതെന്തൊരു ജീവിത പലഹാരം"എന്ന് പറഞ്ഞത് പോലെ ഇന്നും കുട്ടനാട്ടിലെ മനുഷ്യർ കണ്ണീർ കഴിയുകയാണ് .കാർഷിക മേഖയിൽ ഏറെ നാളു പിന്നിൽ നിന്നിരിക്കുന്ന കേരളം ഒന്ന് പച്ച പിടിച്ച് വരുന്നതേയുണ്ടായിരുന്നുള്ളു . ചെങ്ങന്നൂർ അപ്പർ കുട്ടനാട്ടിലും ഉണ്ടയിരുന്ന വാഴത്തൊട്ടങ്ങളും ഓണത്തിനായി ഒരുങ്ങിയ പച്ചക്കറി തോട്ടങ്ങളും മഴ വെള്ളപ്പച്ചിലിൽ ഒഴുകി പോയി ആലുവയിലെയും കൊച്ചിയിലെയും പല വൻകിട വ്യവസായ ശാലകളിലും വെള്ളം കയറി വൻ നഷ്ടങ്ങൾ സംഭവിച്ചിരുന്നു. ഈ കഴിഞ്ഞതോരു കണ്ണീരിന്റെ ദു:ഖത്തിന്റെയും ഓണമായിരുന്നുവെങ്കിൽ ഇനി  വരാൻ പോകുന്നത് നവ  കേരളത്തിന്റെ സമൃദ്ധിയും നിറഞ്ഞൊരു പൊന്നോണമായിരിക്കും.മാലിന്യങ്ങൾ പുഴയിലേക്കും ജലാശയങ്ങളിലേക്കും വലിചെറിയരുത്.ഇനി മുതൽ നമ്മൾ പ്രകൃതിയെ ചൂഷണം ചെയ്യരുത്.






# പ്രളയം

*അങ്ങകലെ മാമലകളിൽ നിന്നിതാ*
*പൊട്ടിചിതറി മലവെള്ളമെത്തുന്നു*

*ആരെല്ലാമോ അലമുറയിടുന്നു.*
*അതാ അവരെത്തുന്നു നമ്മുടെ*

*ജീവന്റെ രക്ഷകരായി,മത്സ്യതൊഴിലാളികൾ.*
*സ്വന്തം ചുമലിൽ എടുത്തുയർത്തി*

*അവർജീവൻ*

*രക്ഷിക്കുന്നു.*
*പ്രളയജലത്തിന്റെ കുത്തിയൊലിപ്പിൽ*

***കെട്ടിയുയർത്തിയതെല്ലാം കുത്തിയൊലിക്കുന്നു***
***സൂര്യൻ ഒളിഞ്ഞും തെളിഞ്ഞും***

*കണ്ണുപൊത്തി കളിക്കുന്നു*
*മാനം തോർന്നിട്ടും മനസ്സിലെ കുത്തിയൊലിപ്പ്*

*തീരുന്നില്ല.*
***ഇനി എവിടെ എന്ത്***
***എന്നൊന്നും ആർക്കും അറിയില്ല***

***ലക്ഷ്മി കെ.കെ***

12



# അമ്മുക്കിളിയുടെ ഓർമ്മക്കായ്

കാടിൻെ കാട്ടരുവിയുടെയും മനോഹാരിതകൾ നിറഞ്ഞ ഒരുനാട്.കാടും കാട്ടരുവിയും മാനും മാൻപേടകളും പൂമ്പാറ്റകളും അങ്ങനെ പ്രകൃതിമാതാവ് കനിഞ്ഞനുഗ്രഹിച്ച ഒരു താഴ്വാരം.കുറിന്നിമല.

അവിടെ വൃശ്ചികപ്പൂകാറ്റും ഉത്രാടനിലാവും മകരത്തിലെ മഞ്ഞും എല്ലാം ഒറ്റക്കാസ്വദിച്ച് ഉണ്ണി മുത്തശ്ശിയും ചെറുമകളും..

മുത്തശ്ശിക്ക് ഒറ്റമകനാണ് ശിവൻ. അദ്ദേഹം കുടുംബവും പട്ടണത്തിൽ താമസിക്കുന്നു.

വർഷങ്ങൾക്കുശേഷം അമ്മയേയും മകളെയും കാണാൻ അവർ നാട്ടിലേക്ക് മടങ്ങി വരുകയാണ്

ആതിരക്കു താഴെ ഒരാളും കൂടിയുണ്ട്. അപ്പു എന്ന് വിളിക്കുന്ന ആരോമൽ.അവൻ ഇന്നു വരെ തറവാട്ടിൽ

വന്നിട്ടില്ല. അതിൻെറ ആകാംക്ഷയും മനസ്സിൽ അടക്കിപ്പിടിച്ച്അവൻകുറിഞ്ഞിമലയിലേക്ക്എത്തിച്ചേരുകയാണ്

അവരുടെ വരവും കാത്ത് ഉണ്ണിമുത്തശ്ശിയുംഅമ്മുവും പടിക്കൽ തന്നെ ഉണ്ടായിരുന്നു.

കാൽനടക്കാർക്കും കാളവണ്ടിക്കാർക്കും മാത്രം സ്വന്തമായിരുന്ന ആ നാട്ടുവഴികളിലൂടെ ചെറിയ പുൽചേടികളെയെല്ലാം അരച്ചുകൊണ്ട് ആഢംബരപ്രൗഢിയിൽ കാർ വന്ന് തറവാട്ട് മുറ്റത്ത് നിർത്തി.

കാറിൻെറ ഡോറ് വലിച്ച് അടച്ച് അപ്പു മുത്തശ്ശിയുടെ അടുത്തേക്ക് ഓടിക്കയറി. മുത്തശ്ശിയെ കെട്ടിപ്പിടിച്ചു.എന്നാൽ പട്ടണത്തിൽ താമസിക്കുന്ന ശിവൻെറ ഭാര്യ ദീപയ്ക്ക് ഇതൊന്നും ഇഷ്ടപ്പെടുന്നില്ല.

" എന്താ അവിടെ തന്നെ നിന്നത്.അകത്തേക്ക് വര്യേ കുട്ട്യോളേ".മുത്തശ്ശി അവരെ അകത്തേക്ക് വിളിച്ചു.

" എന്താ നിങ്ങൾ ഈ വഴിക്കൊന്നും വരാത്തതേ?എന്നേ മറന്നോ "

" ഇല്ലമ്മേ ചെറിയ തിരക്ക് അതുകൊണ്ട് ഇങ്ങോട്ട് വന്നില്ല.ഇനി അഞ്ചാറു ദിവസം സ്റ്റേ ചെയ്യാനാണ് തീരുമാനം".

ഞാനോ?മുത്തശ്ശി ചോദിച്ചു ' അതേ അമ്മേ. ശിവൻ പറഞ്ഞു

ദീപയ്ക്കെന്താ ഒരു സന്തോഷമില്ലാത്തെ

ഇവിടുത്തെ ടേയ്സ്റ്റ് ഒന്നും എനിക്ക് പിടിക്കുന്നില്ല

ദീപ തിരിച്ചടിച്ചു . അങ്ങനെ ഒരു ദിവസം കടന്നുപോയി.

പിറ്റേ ദിവസം കാലത്തെ തന്നെ എഴുന്നേറ്റ് കുളത്തിലെ തണുത്ത വെള്ളത്തിൽ കുളിച്ച് മുത്തശ്ശിയും അമ്മുവും അപ്പുവും അമ്പലത്തിൽ കുളിക്കാൻ പോയി .അവർ തിരിച്ചുവന്നിട്ടും ദീപയുംശിവനും ഉണർന്നിട്ടില്ല.

ദീപ എഴുന്നേറ്റ് കുളിമുറി തിരഞ്ഞു ദീപയ്ക്ക് പുറത്തെ കുളിമുറി ഒട്ടും ദഹിച്ചിട്ടില്ല.ഹീറ്റർ ഇല്ലാത്ത കാരണത്തിനു പുറകെകുളിമുറി പായലും വിള്ളലും വില്ലനായി മാറി.അതിൻെറ പേരിൽഒരുപാട് കോലാഹലങ്ങളും ഉണ്ടായെങ്കിലും ഗതികെട്ട് അവൾ അതിൽ തന്നെ കുളിച്ചു

കുളിമുറി പ്രശ്നം ഒന്ന ആറിത്തണുക്കവേ അടുത്തപ്രശ്നം തലപൊക്കി അപ്പുവിനെ കാണുന്നില്ല.
പൂവും പൂമ്പാറ്റയും നാടും നാട്ടുവഴിയും അണ്ണാറക്കണ്ണനും പൂവാലിപശുവും കണ്ടൽക്കാടുകളും താമരക്കുളവും എല്ലാം ആദ്യമായികാണുന്നഅപ്പുക്കുട്ടൻെറ കൗതുകം ചെറുതൊന്നമല്ലായിരുന്നു. ശിവനും ദീപയും നാട്ടിൽവന്നതിൻെറ ഉദ്ദേശം ഗ്രാമത്തിൽ താമസിക്കുന്ന അമ്മുവിനെ പട്ടണത്തിലേക്ക് പറിച്ചുനടുന്നതിനായിരുന്നു. കാര്യങ്ങളെല്ലാം ഉണ്ണിമുത്തശ്ശിയുടെ അടുത്ത് അവതരിപ്പിച്ച് പോകാനുള്ള തയ്യാറെടുപ്പുകൾ നടത്താൻ അമ്മുവിനും നിർദ്ദേശം നൽകി.
നാട്ടിൻപുറത്തെ സ്വസ്ഥമായ അന്തരീക്ഷത്തിൽവളർന്ന് അദ്ധ്വാനത്തിൻെറയും വില അറിഞ്ഞു വളരുന്ന അമ്മുക്കിളിയുടെ കൂട് പട്ടണത്തിൻെറ സാന്ദ്രമായ അന്തരീക്ഷത്തിലേക്ക് തിരക്കുപിടിച്ച സംസാരിക്കാൻ പോലും സമയമില്ലാത്ത ആളുകളുടെ ഇടയിലേക്ക്അവളെ മാറ്റിപാർപ്പിക്കുകയാണ്. സ്വന്തം ഹൃദയം കൈയ്യിലെടുത്ത് അതിൽ ആയിരം കുന്തം കുത്തിയിറക്കുന്ന വേദനയോടെ അവൾ ബാഗ് പാക്ക് ചെയ്തിറങ്ങി മുത്തശ്ശിയെ കെട്ടിപ്പിടിച്ച് അപ്പു ഉത്സാഹത്തോടെ കാറിൽ കയറിയിരുന്നു എന്നാൽ മുത്തശ്ശിമരത്തിൻെറ തണലിൽ വളർന്ന അമ്മുക്കിളിക്ക് ആ തണൽവിട്ട് പട്ടണച്ചൂടേറ്റ് താമസിക്കാൻ പറ്റില്ലാത്തകൊണ്ടാവണം അവൾ മുത്തശ്ശിയെ കെട്ടിപ്പിടിച്ച് കരഞ്ഞത് "അമ്മു വന്ന് വണ്ടിയിൽ കയറ് " ദീപയുടെ ആക്രോശം ഉയർന്നുഒന്നും മിണ്ടാതെ അവൾ തിരിഞ്ഞു നോക്കാതെ കാറിൽ കയറിപോയി

മുത്തശ്ശിയുടെ ചിരിച്ചമുഖം കണ്ടു മാത്രം ശീലിച്ച അമ്മുവിന് അവരുടെ കരഞ്ഞ മുഖം കാണാനുള്ള കരുത്തില്ലാഞ്ഞിട്ടാവണം അവൾ മുത്തശ്ശിയെ നോക്കാഞ്ഞത്അത്രയും നാൾ അമ്മുക്കിളിയുടെ കൊഞ്ചൽ കൂട്ടിനുണ്ടായിരുന്നമുത്തശ്ശി ഇന്നു ആ വല്യ തറവാട്ടിൻെറ അകത്തളത്തിൽ ഒറ്റയ്ക്കാണ് മരണം എന്ന ഒറ്റപ്പെടലിനെക്കാൾ വേദനക്കുത്തിനിറച്ച ഒറ്റപെടൽ അവർ പോയ വഴിയിൽകണ്ണും നട്ട് വേരുറച്ചപോലെ മുത്തശ്ശി അവിടെ തന്നെ വേരുറച്ചപോലെ മുത്തശ്ശി അവിടെ തന്നെ അവരുടെവരവും കാത്ത് ഇരുപ്പാണിന്ന് ......................

അങ്ങനെ അമ്മുക്കിളിയുടെ കൂടും മുത്തശ്ശിയുടെ കൈയ്യെത്താദൂരത്തായി അങ്ങനെ ഒറ്റപ്പെടലിൻെറ വേദനയറിഞ്ഞ് അവൾ അവൾ അപ്പോഴും അമ്മുവിൻെറ വരവിനായി കൊതിച്ചിരുന്നു.



*റിൻസാന നെജിം*

# പ്രകൃതിയുടെ കണ്ണുനീർ

പ്രകൃതിയാണ് യഥാർത്ഥ സത്യം. പ്രകൃതി മനുഷ്യർക്ക് നൽകുന്ന നന്മകൾ എത്രത്തോളം എന്ന് ആർക്കും നിശ്ചയമില്ല.
പ്രകൃതിയെ എത്രത്തോളം മനുഷ്യർ ദ്രോഹിക്കുന്നു എന്നതും ആരും ചിന്തിക്കുന്നുമില്ല.
എന്നാൽ എന്തിനാണ് നമ്മൾ പ്രകൃതിയെ നശിപ്പിക്കുന്നത്.

ഒന്നോർത്താൽ പ്രകൃതിയില്ലങ്കിൽ മനുഷ്യനില്ല. ഇതിനോരു ഉത്തമ ഉദാഹരണമാണ് കേരളത്തെ ബാധിച്ച പ്രളയം.ഒരു അപകടത്തിൽ പ്രകൃതി നമ്മേ കാട്ടിത്തരുന്നത്.ഒരായുസ്സുമുഴുവൻ ഓർക്കാൻ ഒരു നൊമ്പരമാണ്.

മനുഷ്യരെല്ലാം ഒന്നാണെന്ന സത്യം തിരിചറിയാനായി പ്രകൃതി നമുക്കൊരുക്കിയത് ഒരു വൻ ദുരന്തത്തെ തന്നെയാണ്.അത്രത്തൊളം മനുഷ്യർ പ്രകൃതിയെ ദ്രോഹിച്ചിരുന്നു.

ഒരർത്ഥത്തിൽ പ്രകൃതി നമ്മുക്ക് അമ്മയാണ്.പ്രകൃതിയിലെ ഓരോ മാറ്റവും നമ്മളറിയാതെ നമ്മേ സ്പർശിക്കുന്നവയാണ്.

ഇടയ്ക്ക് നമ്മൾ അത് ആസ്വദിക്കാറുമുണ്ട്. കോരിച്ചൊരിയുന്ന മഴയിൽ ഒന്ന് നനയാത്തതായാരാണുള്ളത്.

ഇളം വെയിലിന്റെ ശോഭയിൽ വിരിഞ്ഞുനിൽക്കുന്ന പുഷ്പത്തേയും അതിന്റെ സുഗന്ധത്തേയും നുകരാത്തതായി ആരുണ്ട്.

**നമ്മുടെ ഓരോ ആവശ്യങ്ങൾക്കായി നമ്മൾ പ്രകൃതിയിടെ ജീവൻ ഇല്ലാതാക്കുന്നു.**

**ഗ്രാമീണാന്തരീക്ഷത്തിൽ ജനിച്ച് വളരുന്ന ഒരു കുട്ടിക്ക് തന്റെ ഗ്രാമത്തേയും പ്രകൃതിയിലെ ഓ ജീവജാലത്തേയുംനശിപ്പിക്കാനോ സാധിക്കില്ലഅതോരു പുൽനാമ്പായാൽ പോലും. അവർ** അതിനെ ഓരോന്നിനെയും സംരക്ഷിക്കും. എന്നാൽ നഗരമധ്യത്തിൽ ജീവിക്കുന്ന കുട്ടി അവർക്ക് പരസ്പര സ്നേഹമെന്തന്നോ പ്രകൃതിയെ പറ്റിയോ ഒന്നും യാതൊന്ന അറിവും ഉണ്ടാവുകയില്ല. പ്രകൃതിയുടെ ഭിക്ഷയാണ് ഇന്ന് നാം കാണുന്നതെല്ലാം പ്രകൃതിയുടെ സ്നേഹമാണ് ഓരോ അരിമണിയും. ഇനി ഒരിക്കൽ പോലും നാം പ്രകൃതിയെ ദ്രോഹിക്കരുത്.

ശ്രീ ലക്ഷ്മി



# പ്രകൃതിയാവാൻ ഒരു മോഹം



പച്ചക്കുടപിടിച്ചുച്ച  വെയിലത്ത്
പച്ചപുതച്ചൊന്നു നിന്നിരുന്നു.
കൊച്ചിളം പുല്ലിനെ പ്രകൃതി താൻ
കൈകളാൽ താരാട്ട്പാടി ഉറക്കിടുന്നു

മേലെ ഉദിച്ചൊരാ അമ്പിളി മാമനെ
ഒന്ന് തൊടാനായൊരാശയായി.
വിണ്ണിൽ മുളയ്ക്കുമാ പുൽക്കൊടി
തുമ്പിലും ഒന്നിരിക്കാനായി മോഹമായി.

ഓലത്തുമ്പത്തിരുന്നുയലാടും ചെറു
പൈങ്കിളിയായ് മാറിയെങ്കിൽ.
ഓളങ്ങളലതല്ലിയൊഴുകുമാ നദിയിൽ
ചെറു വെള്ളാരം കല്ലായി മാറിയെങ്കിൽ.

ഉണരുന്നു ഞാനുമീ പ്രകൃതിതൻ
പുത്രനായ് മണ്ണിനും, വിണ്ണിനും ഓമലായ്.


ജയനിധി .പി.ജെ

16






*DRAWED by ABIN ABRAHAM*




***DRAWED by AKSHAY KUMAR***






Drawed by Rohith k.R







***DRAWED MUHAMMED  NAZEEB KHAN***





Drawing by ABIN ABRAHAM





***DRAWED by SIDHANTH KESHAV .S***

**ശുഭം**